**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ്യോജന-കണ്ടീഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം - ജില്ലാതല ഉദ്യോഗസ്ഥരുടെ പേരിൽ പൊതുമേഖലാ ബാങ്കുകളിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ. (സാധാ) നം. 9418/11/ധന. തീയതി, തിരുവനന്തപുരം 19.12.2011.

പരാമർശം:-1) സ. ഉ. (സാ.ധാ) നം. 2339/11/ധന തീയതി 28.3.2011.
2) സ. ഉ. (സാ.ധാ) നം. 6799/11/ധന.തീയതി 3.9.2011.
3) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 23.11.2011 ലെ ഐ.സി.ഡി.എസ്/എ5-21168/10 നമ്പർ കത്ത്.
4) സാമൂഹ്യക്ഷേമ വകുപ്പിൻെറ12742/ബി1/11/സാമൂഹ്യക്ഷേമ നമ്പർ അനൗദ്യോഗിക ഫയൽ.

## ഉത്തരവ്

സൂചന (1) പ്രകാരം ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ്യോജന പദ്ധതി നടപ്പിലാക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടറുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിനും ജില്ലാതല ഉദ്യോഗസ്ഥരുടെ പേരിൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒറ്റപ്പാലം, പാലക്കാട് എന്നിവിടങ്ങളിലെ ശിശുവികസന ഓഫീസർമാർക്ക് പ്രസ്തുത പദ്ധതി നടത്തിപ്പിനായി പലിശ രഹിത ട്രഷറി അക്കൗണ്ട് തുടങ്ങുന്നതിന് സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സൂചന (3) പ്രകാരം ജില്ലാതല ഉദ്യോഗസ്ഥരുടെ റ്റി.എസ്.ബി അക്കൗണ്ട് വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് പണം കൈമാറ്റം ചെയ്യാൻ സാധിക്കാത്തതിനാൽ ജില്ലാതല ഉദ്യോഗസ്ഥർക്കും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു. ഇക്കാര്യം 7.12.11 ലെ മന്ത്രിസഭാ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ടെന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ്യോജന-കണ്ടീഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം പദ്ധതി നടത്തിപ്പിലേയ്ക്കായി പാലക്കാട് ജില്ലയിലെ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർമാർക്ക് പൊതുമേഖലാ ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എ.ആർ. അജയകുമാർ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /.ആഡിറ്റ്) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ (ബി) വകുപ്പ്
ഭരണ (എസ്.സി) വകുപ്പ്
Principal Secretary to Chief Minister vide Agenda Item No.864.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Deepa

സെക്ഷൻ ഓഫീസർ